**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1225** **02-02-2026 - ൽ മറുപടിയ്ക്ക്**

**കേരള ചലച്ചിത്ര അക്കാദമിയിൽ വനിതകൾക്കായി തൊഴിൽ പരിശീലന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സിനിമയിലെ സാങ്കേതിക മേഖലകളിൽ സ്ത്രീ സാന്നിധ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കേരള ചലച്ചിത്ര അക്കാദമി വനിതകൾക്കായി തൊഴിൽ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. മലയാള സിനിമയിലെ സാങ്കേതികരംഗത്ത് സ്ത്രീ സാന്നിധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖേന ആവിഷ്കരിച്ച തൊഴിൽ പരിശീലന പദ്ധതിയുടെ രൂപരേഖ ചലച്ചിത്രസംഘടനകളുടെ സാന്നിധ്യത്തിൽ അവതരിപ്പിച്ച് ചലച്ചിത്ര പ്രവർത്തകർ ആയത് ചർച്ച ചെയ്യുകയും അതുപ്രകാരം ഈ നൂതന പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു.<br><br>ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളുടെ കൂടി അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. സിനിമയുടെ എല്ലാ തലങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുക, ലൈറ്റിംഗ്, ക്യാമറ, മേക്കപ്പ് തുടങ്ങിയ സാങ്കേതിക വിഭാഗങ്ങളിൽ ഹ്രസ്വകാല നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, തുടങ്ങിയ ശിപാർശകൾ പരിഗണിച്ചുകൊണ്ടാണ് ഇത്തരമൊരു പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. ഒരു കരിയർ ഓറിയന്റേഷൻ ശിൽപ്പശാല സംഘടിപ്പിക്കുകയും അതിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് തീവ്ര പ്രായോഗിക പരിശീലനം നൽകിയതിനുശേഷം ചലച്ചിത്ര സംഘടനകളുടെ സഹകരണത്തോടെ സിനിമകളിൽ പ്രവർത്തിക്കുന്നതിന് അവസരമൊരുക്കുകയും ചെയ്യുന്നതാണ് പദ്ധതി.<br><br>ഈ പദ്ധതിയുടെ ഭാഗമായി പൊതുവിജ്ഞാപനം നടത്തുകയും ചലച്ചിത്രമേഖലയിൽ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള വനിതകളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രണ്ട് ഘട്ടങ്ങളായി തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2024 സെപ്റ്റംബർ 27 മുതൽ 29 വരെ തിരുവനന്തപുരം വൈലോപ്പിള്ളി |

| | | | |
|---|---|---|---|
| | | | സംസ്കൃതി ഭവനിൽ ഓറിയന്റേഷൻ ക്യാമ്പും 2025 ഏപ്രിൽ രണ്ടു മുതൽ ആറുവരെ ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ പ്രായോഗിക പരിശീലനപരിപാടിയും സംഘടിപ്പിച്ചിരുന്നു. അന്തിമഘട്ടത്തിൽ 13 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തത്. 16.06.2025 മുതൽ ആറുമാസത്തേക്ക് 10,000/- രൂപ വീതം സ്റ്റൈപ്പന്റ് ആയി അനുവദിക്കുകയും ചെയ്തു. |
| (ബി) | ഏതെല്ലാം സാങ്കേതിക മേഖലകളിലാണ് വനിതകൾക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രൊഡക്ഷൻ മാനേജ്മെന്റ്, ലൈറ്റിംഗ്, ആർട്ട് ആന്റ് ഡിസൈൻ, കോസ്റ്റ്യൂം, മേക്കപ്പ്, പോസ്റ്റ് പ്രൊഡക്ഷൻ സൂപ്പർവിഷൻ, മാർക്കറ്റിംഗ് ആന്റ് പബ്ളിസിറ്റി എന്നീ ഏഴ് മേഖലകളിലാണ് പരിശീലനം നൽകുന്നത്. |
| (സി) | ഇതുവരെ എത്ര വനിതകൾക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഇതുവരെ 13 വനിതകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ